കില
വാർത്താപത്രിക

VOLUME-8
ISSUE-5
MAY 2015

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org

കിലയിൽ സംഘടിപ്പിച്ച തദ്ദേശസ്വയംഭരണകമ്മീഷന്റെ ശിൽപ്പശാല കമ്മീഷൻ ചെയർമാൻ കുട്ടി അഹമ്മദുകുട്ടി ഉദ്ഘാടനം ചെയ്യുന്നു

തദ്ദേശസ്ഥാപനങ്ങൾക്ക് സ്വന്തം കാലിൽ നിൽക്കാൻ കഴിയണം: കുട്ടി അഹമ്മദുകുട്ടി

സ്വതന്ത്രമായ അസ്തിത്വമുള്ള സ്ഥാപനങ്ങളായി മാറാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു കഴിയണമെന്ന് തദ്ദേശസ്വയംഭരണകമ്മീഷൻ ചെയർമാൻ കുട്ടി അഹമ്മദുകുട്ടി പറഞ്ഞു. കമ്മീഷന്റെ സംസ്ഥാതല ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ ഏജൻസികളെപ്പോലെയാണ് പഞ്ചായത്തുകളും നഗരസഭകളും പ്രവർത്തിക്കുന്നത്. റോഡും കെട്ടിടനിർമ്മാണവുമായി വികസനപ്രവർത്തനങ്ങൾ ചുരുക്കരുത്. ദാരിദ്ര്യനിർമ്മാർജനം സാക്ഷാത്ക്കരിക്കാൻ കഴിയണം. താഴെ തട്ടിലുള്ളവരുടെ ഉന്നമനത്തിനുതകുന്ന കാര്യങ്ങളാണ് ചെയ്യേണ്ടത്. ജില്ലാപ്ലാനിംഗും അതിനനുസൃതമായ സ്റ്റേറ്റ് പ്ലാനിംഗും വേണം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായുള്ള കുടുംബശ്രീയുടെ ഏകോപനവും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനവും ശക്തിപ്പെടുത്തണം. പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നിട്ട് 20 വർഷം പിന്നിട്ട സാഹചര്യത്തിൽ കാലത്തിനനുസരിച്ച് പ്രായോഗികമായ മാറ്റങ്ങൾ വരുത്താൻ നിർദ്ദേശിച്ചുകൊണ്ടുള്ള റിപ്പോർട്ട് സർക്കാരിനു സമർപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു. റവന്യു വില്ലേജടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം പുനർനിർണയിക്കണമെന്നും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു ജുഡീഷ്യൽ അധികാരങ്ങൾ നൽകണമെന്നും തദ്ദേശസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കു പ്രി സർവീസ് ട്രെയിനിംഗ് നിർബന്ധമാക്കണമെന്നും ശിൽപ്പശാലയിൽ സംസാരിച്ച കില ഡയറക്ടർ ഡോ. പി.പി. ബാലൻ അഭിപ്രായപ്പെട്ടു.

തദ്ദേശഭരണവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ടി.ആർ. രഘു നന്ദൻ ആമുഖാവതരണം നടത്തി. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വ.എം. മണികണ്ഠൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട ത്രിതില പഞ്ചായത്ത് ജനപ്രതിനിധികൾ, ഈ മേഖലയിലെ വിദഗ്ദ്ധർ, കില അസോസിയേറ്റ് പ്രൊഫസർമാരായ ഡോ.സണ്ണി ജോർജ്, ഡോ. പീറ്റർ എം.രാജ്, ഡോ.ജെ.ബി.രാജൻ എന്നിവർ സംബന്ധിച്ചു.

തദ്ദേശഭരണവകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥലം മാറുമ്പോൾ...

തദ്ദേശസ്വയംഭരണവകുപ്പിലെ ജീവനക്കാരും വകുപ്പിൽ നിർവഹണ ഉദ്യോഗസ്ഥരായി സേവനമനുഷ്ഠിക്കുന്ന മറ്റു വകുപ്പിൽനിന്ന് മാറിവന്ന ജീവനക്കാരും സ്ഥലം മാറിപ്പോകുമ്പോഴും റിട്ടയർ ചെയ്യുമ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ആഡിറ്റ് തടസ്സങ്ങൾ പരിഹരിക്കപ്പെടാതെ പോകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരം അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങളാണ് സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്.

തദ്ദേശസ്വയംഭരണവകുപ്പിലെ ജീവനക്കാരും മറ്റുവകുപ്പിൽനിന്ന് നിർവഹണ ഉദ്യോഗ്ഥരായി സേവനമനുഷ്ഠിക്കുന്ന ജീവനക്കാരും സേവനം ചെയ്ത സ്ഥാപനത്തിൽനിന്ന് സ്ഥലംമാറി പോകുമ്പോഴോ റിട്ടയർ ചെയ്യുമ്പോഴോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിൽനിന്ന് ലയബിലിറ്റി / നോൺ ലയബിലിറ്റി സാക്ഷ്യപത്രം വാങ്ങിയിരിക്കണം ലയബിലിറ്റി/നോൺ ലയബിലിറ്റി സാക്ഷ്യപത്രത്തിനുവേണ്ടി ജീവനക്കാർ അപേക്ഷ നൽകിയാൽ ബന്ധപ്പെട്ട സ്ഥാപനമേധാവി ആയത് ഒരു മാസത്തിനകം ജീവനക്കാരനു നൽകേണ്ടതുമാണ്. ഇക്കാര്യത്തിൽ 30 ദിവസം അപ്പീൽ കാലാവധിയായി നൽകാം. പ്രസ്തുത കാലാവധിക്കകം മറുപടി സ്ഥാപനമേധാവി നൽകുന്നില്ലെങ്കിൽ സ്ഥാപനമേധാവിക്കായിരിക്കും ബന്ധപ്പെട്ട ബാദ്ധ്യതയ്ക്കു ഉത്തരവാദിത്വം.

ട്രാൻസ്ഫറായി പോകുന്ന ജീവനക്കാരനു ചാർജ് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് നൽകുമ്പോൾ അതു തദ്ദേശസ്വയംഭരണസ്ഥാപനമേധാവിക്കും നൽകേണ്ടതാണ്. പുതുതായി ചാർജ് ഏറ്റെടുക്കുന്ന ജീവനക്കാരനും ചാർജ് ട്രാൻസ്ഫർ സാക്ഷ്യപത്രത്തിന്റെ പകർപ്പ് തദ്ദേശസ്ഥാപനമേധാവിക്കു നൽകിയിരിക്കണം.ഓരോ സ്ഥാപനത്തിന്റെയും ആഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പരസ്യപ്പെടുത്താൻ നടപടി എടുക്കേണ്ടതാണ്. അതതു വകുപ്പുകൾ ആനുകൂല്യം നൽകുമ്പോൾ പ്രസ്തുത വെബ്സൈറ്റുകൾ പരിശോധിച്ച് , നൽകുന്ന ആളിന്റെ ബാദ്ധ്യത ഉറപ്പുവരുത്തണം.

എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനത്തിലും ഒരു മാസ്റ്റർ ഇൻക്യുബൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം. പ്രസ്തുത രജിസ്റ്ററിൽ ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥരുടേയും വിവരങ്ങൾ എഴുതിയിരിക്കണം. പ്രസ്തുത രജിസ്റ്റർ ആറുമാസത്തിലൊരിക്കൽ സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥൻ സേവനം ചെയ്ത കാലയളവിലെ ആഡിറ്റ് കഴിഞ്ഞിട്ടില്ലാത്ത പക്ഷം ഭാവിയിൽ ഉണ്ടാകുന്ന ബാദ്ധ്യതകൾ തീർത്തുകൊള്ളാമെന്ന ബോണ്ടിൽ വ്യവസ്ഥപ്രകാരം നോൺലയബിലിറ്റി സർട്ടിഫിക്കറ്റ്/ലൈബിലിറ്റി സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. ആ വിവരവും രജിസ്റ്ററിൽ എഴുതി സൂക്ഷിക്കണം.

തദ്ദേശസ്വയംഭരണവകുപ്പിലെ ജീവനക്കാരും മറ്റുവകുപ്പിൽനിന്ന് നിർവഹണ ഉദ്യോഗ്ഥരായി സേവനമനുഷ്ഠിക്കുന്ന ജീവനക്കാരും സേവനം ചെയ്ത സ്ഥാപനത്തിൽനിന്ന് സ്ഥലംമാറി പോകുമ്പോഴോ റിട്ടയർ ചെയ്യുമ്പോഴോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിൽനിന്ന് ലയബിലിറ്റി സാക്ഷ്യപ്ത്രം/ നോൺ ലയബിലിറ്റി സാക്ഷ്യപത്രം വാങ്ങിയിരിക്കണം. ലയബിലിറ്റി/നോൺ ലയബിലിറ്റി സാക്ഷ്യപത്രത്തിനുവേണ്ടി ജീവനക്കാർ അപേക്ഷ നൽകിയാൽ ബന്ധപ്പെട്ട സ്ഥാപനമേധാവി ആയത് ഒരു മാസത്തിനകം ജീവനക്കാരനു നൽകേണ്ടതുമാണ്. ഇക്കാര്യത്തിൽ 30 ദിവസം അപ്പീൽ കാലാവധിയായി നൽകാം. പ്രസ്തുത കാലാവധിക്കകം മറുപടി സ്ഥാപനമേധാവി നൽകുന്നില്ലെങ്കിൽ സ്ഥാപനമേധാവിക്കായിരിക്കും ബന്ധപ്പെട്ട ബാദ്ധ്യതയ്ക്കു ഉത്തരവാദിത്വം.

തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന നിർവഹണ ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരും സർവീസിൽനിന്നു വിരമിക്കുമ്പോൾ ബാദ്ധ്യതകൾ തിട്ടപ്പെടുത്തുന്നതിനായി അതതു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ലയബിലിറ്റി സർട്ടിഫിക്കറ്റ്/നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് കൂടി നിർബന്ധമായും ടിയാളുടെ മാതൃവകുപ്പു വാങ്ങി പരിശോധിക്കേണ്ടതും തിട്ടപ്പെടുത്തിയ ബാദ്ധ്യതകൾ ടിയാളിൽനിന്നു ഈടാക്കുന്നതിനു ബന്ധപ്പെട്ട മാതൃവകുപ്പിലെ പെൻഷൻ സാങ്ഷൻ അതോറിറ്റി നടപടി സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യങ്ങളെല്ലാം 11.2.2015 ലെ തദ്ദേശസ്വയംഭരണവകുപ്പിന്റെ 5657/എ.ബി.1/13 നമ്പറിലുള്ള സർക്കുലറായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സർക്കുലറിൽ പറയുന്ന വ്യവസ്ഥകൾ പാലിക്കാൻ എല്ലാ തദ്ദേശസ്വയംഭരണവകുപ്പ് മേധാവികളും മറ്റു സ്ഥാപന മേധാവികളും ബാദ്ധ്യസ്ഥരാണ്.

ഹെൽപ്പ് ഡെസ്ക്



തദ്ദേശഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് റിട്ടേണിംഗ് ഓഫീസർമാർക്കും അസി.റിട്ടേണിംഗ് ഓഫീസർമാർക്കും കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷ്ണർ കെ.ശശിധരൻ നായർ സംസാരിക്കുന്നു

സേവാഗ്രാം ഗ്രാമകേന്ദ്രവുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി അസംബ്ലി നിയോജകമണ്ഡലത്തിലെ രാഷ്ട്രീയപാർട്ടി പ്രതിനിധികൾക്കുവേണ്ടി കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല സഹകരണവകുപ്പുമന്ത്രി സി.എൻ. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

ജനപ്രതിനിധികൾ ജനസേവകരായി മാറണം: മന്ത്രി സി.എൻ.ബാലകൃഷ്ണൻ

തെരഞ്ഞെടുപ്പിൽ വിജയിച്ചുകഴിഞ്ഞാൽ ജനപ്രതിനിധികൾ ജനസേവകരായി മാറണമെന്ന് സഹകരണവകുപ്പുമന്ത്രി സി.എൻ. ബാലകൃഷ്ണൻ നിർദ്ദേശിച്ചു. ഗ്രാമപഞ്ചായത്തുകളിലെ സേവാഗ്രാം ഗ്രാമകേന്ദ്രവുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി അസംബ്ലി നിയോജകമണ്ഡലത്തിലെ രാഷ്ട്രീയപാർട്ടി പ്രതിനിധികൾക്കുവേണ്ടി കിലയിൽ സംഘടിപ്പിച്ച ഏകദിനശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. താഴെത്തട്ടിലുള്ളവരെ ഉദ്ധരിച്ചുകൊണ്ടുവരുന്നതിനു രാഷ്ട്രീയം മറന്ന് എല്ലാവരും ഏകമനസ്സോടെ പ്രവർത്തിക്കണം. രാഷ്ട്രീയം എന്തായാലും മറ്റുള്ളവരോട് ബഹുമാനത്തോടെ പെരുമാറാൻ പഠിക്കണമെന്നും മന്ത്രി പറഞ്ഞു.

കില അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർ എം.രാജ് അദ്ധ്യക്ഷത വഹിച്ചു. പി.വി.രാമകൃഷ്ണൻ, പരിശീലന പരിപാടിയുടെ ജില്ലാ കോർഡിനേറ്റർ മോളി തോമസ് എന്നിവർ സംസാരിച്ചു. സേവാഗ്രാം ഗ്രാമകേന്ദ്രം എന്ത് എന്തിന്, ജനാധിപത്യ അധികാരവികേന്ദ്രീകരണവും രാഷ്ട്രീയപ്രസ്ഥാനങ്ങളും എന്നീ വിഷയങ്ങളെക്കുറിച്ചായിരുന്നു ചർച്ച. രേണുകുമാർ, എൻ. കുമാരൻ, സുനന്ദ, വി.കെ ശ്രീധരൻ എന്നിവർ ചർച്ചകൾക്കു നേതൃത്വം നൽകി.

കേന്ദ്ര-സംസ്ഥാനാവിഷ്കൃതപദ്ധതികളെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ കേന്ദ്ര പഞ്ചായത്തരാജ് അഡീഷ്ണൽ സെക്രട്ടറി എ.കെ.ഗോയൽ സംസാരിക്കുന്നു

കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനം മാതൃകാപരം : കേന്ദ്രസെക്രട്ടറി ഗോയൽ

കേരളത്തിലെ പഞ്ചായത്ത്രാജ് സംവിധാനം മാതൃകാപരമാണെന്നും മററു സംസ്ഥാനങ്ങൾക്കു ഇതനുകരിക്കാവുന്നതാണെന്നും കേന്ദ്രപഞ്ചായത്ത്രാജ് അഡീഷ്ണൽ സെക്രട്ടറി എ.കെ.ഗോയൽ അഭിപ്രായപ്പെട്ടു. എന്നാൽ പഞ്ചായത്തുകളിലെ അടിസ്ഥാന സൗകര്യങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര-സംസ്ഥാനാവിഷ്കൃതപദ്ധതികളെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. കില ഡയറക്ടർ ഡോ.പി.പി. ബാലൻ അദ്ധ്യക്ഷത വഹിച്ച പരിശീലനപരിപാടിയിൽ കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ്, കോർഡിനേറ്റർ എം.കെ രവീന്ദ്രനാഥ് എന്നിവർ സംസാരിച്ചു. കിലയുടെ പരിശീലനപരിപാടികളെക്കുറിച്ച് കില ഡയറക്ടർ ഡോ. ബാലൻ, അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർ എം.രാജ്, എന്നിവരുമായി ഗോയൽ പ്രത്യേക ചർച്ച നടത്തി. കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ തുടങ്ങിയ പരിശീലനപരിപാടികളിൽ ഇതുവരെ 930 ഗ്രാമപഞ്ചായത്തുകളിലെ 7144 പേർ പങ്കെടുത്തു.

തദ്ദേശഭരണസ്ഥാപനങ്ങളിലെ ലൈബ്രറികൾ

ഇന്ത്യൻ ഭരണഘടനയുടെ 73,74 ഭേദഗതികളോടെ ഭരണഘടനാപരമായ ചുമതലകളും ഉത്തരവാദിത്വങ്ങളുമുള്ള പ്രാദേശിക സർക്കാരുകളായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറിയിരിക്കുകയാണ്. ജനങ്ങളുടെ വികസനപരവും ക്ഷേമപരവുമായ കാര്യങ്ങൾ നിറവേറ്റുന്നതിൽ പ്രാദേശികസർക്കാരുകൾക്ക് നിർണ്ണായക പങ്കുവഹിക്കാനുണ്ട്. സാധാരണ ജനങ്ങളുടെ വിജ്ഞാനാധിഷ്ഠിത സേവനങ്ങളുടേയും സാംസ്കാരിക പ്രവർത്തനങ്ങളുടേയും സാന്നിദ്ധ്യം പൗരബോധത്തിന്റെ വികാസത്തിനു അത്യന്താപേക്ഷിതമാണ്. അതുകൊണ്ടുതന്നെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിൽ സാംസ്കാരിക നിലയങ്ങളും ലൈബ്രറികളും വളർന്നുവരേണ്ടത് വളരെ അത്യാവശ്യമാണ്.

എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിററികളും ഉൾപ്പെട്ട പ്രാദേശികസർക്കാരുകളായി 1043 സ്ഥാപനങ്ങൾ കേരളത്തിലുള്ളപ്പോൾ(978 ഗ്രാമപഞ്ചായത്തുകളും 60 മുനിസിപ്പാലിററികളും 5 കോർപ്പറേഷനുകളും) കേവലം 114 ഗ്രാന്ഥശാലകളാണ് മുഴുവൻ സമയവും പ്രവർത്തിക്കുന്നവയായിട്ടുള്ളത്. 670 പാർടൈം ലൈബ്രറികൾ ഗ്രാമപഞ്ചായത്തുകളിലുണ്ട്. സാക്ഷരതയിൽ ഒന്നാംസ്ഥാനത്തു നിൽക്കുന്ന ഒരു സംസ്ഥാനത്തിന്റെ അവസ്ഥാവിശേഷമാണിതെന്നോർക്കുമ്പോഴാണ് നമ്മുടെ വിജ്ഞാനവ്യാപനത്തിന്റെ അവസ്ഥയെക്കുറിച്ച് പരിതപിക്കേണ്ടിവരുന്നത്.

പദ്ധതിവിഹിതത്തിൽനിന്ന് തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ വികസനപ്രവർത്തനത്തിനു കോടിക്കണക്കിനു തുക വിനിയോഗിക്കുമ്പോൾ പൊതുജനങ്ങളുടെ വിവര വിനിമയത്തിനും വിജ്ഞാനവ്യാപനത്തിനു ഉതകുന്ന ലൈബ്രറികളെക്കുറിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഭരണാധികാരികൾ വിസ്മരിച്ചു പോകുന്നു. ഭൂരിഭാഗം തദ്ദേശസ്ഥാപനങ്ങളിലും ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നില്ല. ദേശീയപ്രസ്ഥാനത്തിന്റെയും സാംസ്കാരിക നവോത്ഥാനത്തിന്റെയും ഭാഗമായി രൂപീകരിച്ച സ്വകാര്യ ലൈബ്രറികളെയാണ് ജനങ്ങൾ ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. കുറച്ചു ലൈബ്രറികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അതിൽ ഭൂരിഭാഗം ലൈബ്രറികളും കാര്യക്ഷമായി പ്രവർത്തിക്കുന്നില്ല.

പദ്ധതിവിഹിതത്തിൽനിന്ന് തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ വികസനപ്രവർത്തനത്തിനു കോടിക്കണക്കിനു തുക വിനിയോഗിക്കുമ്പോൾ പൊതുജനങ്ങളുടെ വിവര വിനിമയത്തിനും വിജ്ഞാനവ്യാപനത്തിനു ഉതകുന്ന ലൈബ്രറികളെക്കുറിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഭരണാധികാരികൾ വിസ്മരിച്ചു പോകുന്നു എന്നതാണ് യാഥാർത്ഥ്യം. ഭൂരിഭാഗം തദ്ദേശസ്ഥാപനങ്ങളിലും ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നില്ല. ദേശീയപ്രസ്ഥാനത്തിന്റെയും സാംസ്കാരിക നവോത്ഥാനത്തിന്റെയും ഭാഗമായി രൂപീകരിച്ച സ്വകാര്യ ലൈബ്രറികളെയാണ് ജനങ്ങൾ ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. കുറച്ചു ലൈബ്രറികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അതിൽ ഭൂരിഭാഗം ലൈബ്രറികളും കാര്യക്ഷമായി പ്രവർത്തിക്കുന്നില്ല. ആവശ്യത്തിനു പുസ്തകങ്ങളോ ആധുനിക സംവിധാനങ്ങളോ ഒരുക്കാതെ അവഗണന നേരിടുന്ന ഒരു പ്രസ്ഥാനമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ലൈബ്രറികൾ മാറിക്കൊണ്ടിരിക്കുന്നു.

ലൈബ്രേറിയന്മാരെ ലൈബ്രറികളുടെ പ്രവർത്തനങ്ങളിൽ മുഴുകാതെ മറ്റു പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതുകൊണ്ട് ലൈബ്രറിപ്രവർത്തനം താളം തെറ്റുന്നു. വേണ്ടത്ര ഭൗതിക സാഹചര്യങ്ങൾ ഒരുക്കാത്തതിനാൽ ലൈബ്രറികളിലേക്കു വായനക്കാർ ആകർഷിക്കപ്പെടുന്നില്ല. ഏല്ലാറ്റിന്റെയും കാരണം ലൈബ്രറികളിലേക്കു ആവശ്യത്തിനു സാമ്പത്തിക സഹായം ചെയ്യാത്തതും ഭരണസമിതിയുടെ താൽപര്യക്കുറവുമാണ്.

അധികാരവികേന്ദ്രീകരണം അർത്ഥവത്താകണമെങ്കിൽ ജനങ്ങൾ പ്രബുദ്ധരാകണം.ജനങ്ങൾ പ്രബുദ്ധരായാൽ മാത്രമേ ജനപ്രതിനിധികൾക്കും അതിനൊത്ത് ഉയരാൻ കഴിയുകയുള്ളു. ആ പ്രബുദ്ധത കൈവരണമെങ്കിൽ അറിവു നേടുക എന്നത് അനിവാര്യഘടകമാണ്. അതിനു പ്രാദേശിക ലൈബ്രറികൾ കൂടിയേ കഴിയൂ. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രാദേശിക ലൈബ്രറികൾ സ്ഥാപിക്കുകയും വാർഡ് തലത്തിലുള്ള ഗ്രാമകേന്ദ്രം/ വാർഡ് കേന്ദ്രം കൂടി ലൈബ്രറികളുടെ പ്രവർത്തനമേഖലയിലേക്കു കൊണ്ടുവരികയും ചെയ്താൽ ജനങ്ങളെ അറിവിന്റെ തലത്തിലേക്കു കൊണ്ടുവരുവാൻ കഴിയും. നിലവിലുള്ള ലൈബ്രറികൾ ഉന്നതനിലവാരത്തിലേക്കു കൊണ്ടുവരുവാനും ലൈബ്രറികൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കാനുമുള്ള ഒരു മനസ്സ് ഭരണാധികാരികൾക്കുണ്ടായാൽ അതു വിജ്ഞാനവും വിവേകവുമുള്ള സംസ്കാരചിത്തരായ ജനതയെ സൃഷ്ടിക്കാൻ ഉപകരിക്കും. അതു വഴി വികേന്ദ്രീകരണത്തിന്റെ സൽഫലങ്ങൾ എല്ലായിടത്തും എത്തിക്കാനും കഴിയും.

വിജിയെസ്

തദ്ദേശഭരണസ്ഥാപനങ്ങളിലെ ലൈബ്രേറിയന്മാർക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ പങ്കെടുത്തവർ

പറവൂർ നിയോജകമണ്ഡലത്തിൽ രാഷ്ട്രീയപാർട്ടി പ്രതിനിധികൾക്കു സംഘടിപ്പിച്ച ശിൽപ്പശാല വി.ഡി.സതീശൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

പറവൂർ മണ്ഡലത്തിൽ രാഷ്ട്രീയപാർട്ടി പ്രതിനിധികൾക്കു ശിൽപ്പശാല

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തു വാർഡുകളിൽ സ്ഥാപിക്കുന്ന ഗ്രാമകേന്ദ്രത്തിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട് രാഷ്ട്രീയപാർട്ടി പ്രതിനിധികൾക്ക് നൽകുന്ന പരിശീലനപരിപാടിയുടെ ഭാഗമായി പറവൂർ നിയോജകമണ്ഡലത്തിൽ സംഘടിപ്പിച്ച ശിൽപ്പശാല വി.ഡി.സതീശൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു.പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമാ ശിവശങ്കരൻ അദ്ധ്യക്ഷത വഹിച്ചു. എറണാകുളം ജില്ലാ കോർഡിനേറ്റർ ടി.വി.ഉദയഭാനു, കില ഹെൽപ്പ് ഡെസ്ക്കിലെ വി.ജി. ശശിധരൻ, കെ.വി. സുബ്രഹ്മണ്യൻ, കെ.എൻ. ശോഭ തുടങ്ങിയവർ ശിൽപ്പശാലയ്ക്കു നേതൃത്വം നൽകി. സേവാഗ്രാം ഗ്രാമകേന്ദ്രങ്ങൾ/വാർഡ് കേന്ദ്രങ്ങൾ സംബന്ധിച്ച കർമ്മ പരിപാടി ശിൽപ്പശാല ചർച്ച ചെയ്തു.

അധികാരവികേന്ദ്രീകരണം കാര്യക്ഷമമാക്കാൻ ഉദ്യോഗസ്ഥർ പൊതുജനസേവകരായി മാറണം

ജനാധിപത്യ അധികാരവികേന്ദ്രീകരണം കുറെകൂടി കാര്യക്ഷമമായി മുന്നോട്ടു പോകണമെങ്കിൽ ഉദ്യോഗസ്ഥർ പൊതുജനസേവകരായി മാറണമെന്ന് കില ഡയറക്ടർ ഡോ.പി.പി.ബാലൻ പറഞ്ഞു. ഗ്രാമപഞ്ചായത്തുകളിൽ സേവനാവകാശ നിയമം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്തു ജീവനക്കാർക്കു കിലയുടെ നേതൃത്വത്തിൽ നൽകുന്ന ഉത്തരമേഖല പരിശീലനപരിപാടി തളിപ്പറമ്പ് കാഞ്ഞിരങ്ങാട് ഇൻഡോർ പാർക്കിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പൊതുജനങ്ങൾക്കു ലഭിക്കേണ്ട സേവനങ്ങൾ കാര്യക്ഷമമായും കൃത്യമായും ലഭിക്കുന്നതിനുള്ള മുന്നൊരുക്കത്തോടെ എല്ലാ പഞ്ചായത്തുകളും പൗരാവാകാശ രേഖ പ്രസിദ്ധീകരിച്ച് ജനങ്ങളിൽ എത്തിക്കണമെന്നും ഡോ.ബാലൻ ആവശ്യപ്പെട്ടു. കണ്ണൂർ, കാസർകോട്, കോഴിക്കോട്, വയനാട് ജില്ലകളിൽനിന്നായി 1250 ജീവനക്കാരാണ് പരിശീലനപരിപാടിയിൽ പങ്കെടുത്തത്.

50 പേരടങ്ങുന്ന ഓരോ ബാച്ചിനും രണ്ടു ദിവസത്തെ പരിശീലനമാണ് നൽകിയത്. ജനന-മരണ-വിവാഹ റജിസ്ട്രേഷൻ, വിവിധ ക്ഷേമപെൻഷനുകൾ.കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലാണ് പരിശീലനം. മധ്യമേഖലയിലും ദക്ഷിണമേഖലയിലും സമാന പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. മേഖലാ കോർഡിനേറ്റർ ഇ. രാഘവൻ, ഫാക്കൽറ്റിമാരായ പപ്പൻ കുട്ടമത്ത്, സി.കെ.വിജയകുമാർ, കണ്ണൻ നായർ തുടങ്ങിയവർ പരിശീലനത്തിനു നേതൃത്വം നൽകി.

വിവരാവകാശനിയമം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കണം

വിവരാവകാശനിയമപ്രകാരമുള്ള ധാരാളം അപേക്ഷകൾ പൊതുസ്ഥാപനങ്ങളിൽ എത്തുന്നുണ്ട്.മറുപടി നൽകുന്ന കാര്യത്തിൽ വീഴ്ചകൾ ഉണ്ടാകുന്നതായും പരാതികളുണ്ട്.വിവരാവകാശ കമ്മീഷ്ണറുടെ 5.11.2013 ലെ സി.7.37254/13 നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചാൽ വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷകളുടെ എണ്ണം വളരെ കുറയ്ക്കാൻ കഴിയും. ഗ്രാമപഞ്ചായത്തിൽനിന്നും മറ്റു തദ്ദേശസ്ഥാപനങ്ങളിൽനിന്നും നൽകുന്ന വിവിധ സേവനങ്ങളെക്കുറിച്ചും ജീവനക്കാരെകുറിച്ചുമുള്ള വിവരങ്ങൾ യഥാസമയം വെബ്സൈറ്റിലും പൗരാവകാശരേഖയിലും പ്രസിദ്ധീകരിക്കണം. വിവിധ പദ്ധതികളെക്കുറിച്ചും അവയുടെ ഗുണഭോക്താക്കളെക്കുറിച്ചും ഓഫീസിൽ പരസ്യപ്പെടുത്താവുന്നതാണ്. എല്ലാ വിവരങ്ങളും അതതു സമയത്തു സ്വമേധയ വെളിപ്പെടുത്തുകയെന്നതു ഓഫീസിന്റെ ഒരു ചുമതലയായി മാറണം. ഏതെങ്കിലും ഒരു കാര്യം ആവശ്യപ്പെട്ടാൽ പൊതു അധികാരി നൽകേണ്ട കാര്യം മറച്ചുവയ്ക്കുകയോ രേഖകളില്ലെന്ന് മറുപടി നൽകുകയോ ചെയ്യുന്നതു കുറ്റകരവും ശിക്ഷാർഹവുമാണ്.ഫയൽ സൂക്ഷിക്കേണ്ട

കാലമത്രയും സൂക്ഷിക്കുകയും നശിപ്പിക്കേണ്ടിവരുമ്പോൾ നടപടിക്രമങ്ങൾ പാലിച്ച് അതിനുള്ള രേഖകൾ സൂക്ഷിക്കേണ്ടതുമാണ്. അങ്ങനെ ചെയ്യാത്തപക്ഷം അഞ്ചു വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യവുമാണെന്നു 9.2.2015 ലെ 84393/സി.ഡി.എൽ.5/2014/ജി.എ.വി.നമ്പർ സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്.

ചോദിക്കൂ പറയാം

? പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ 2015-16 വർഷത്തെ പദ്ധതി തയ്യാറാക്കുന്നിതിനു പ്രത്യേക മാർഗ്ഗരേഖ ഉണ്ടാക്കിയിട്ടുണ്ടോ?

● മാർഗ്ഗരേഖ നിലവിലുള്ളതുതന്നെയാണ്.എന്നാൽ ചില മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 27.4.2015 ലെ സ.ഉ.(സാധാ)1250/2015 ത സ്വ ഭ വ. സർക്കുലർ നമ്പർ 9245/ഡി.എ1/2015 തസ്വഭവ.തീയതി 18.4.2015) എന്നിവ കാണുക.

? ഭവനനിർമ്മാണസഹായം നൽകുന്നതിനു ഭൂമി സ്വന്തമായി വേണമെന്ന് നിർബന്ധമില്ലേ?

● ഭവനനിർമ്മാണസഹായം നൽകുന്നതിനു ഗ്രാമസഭ തെരഞ്ഞെടുത്തിട്ടുള്ള വ്യക്തികൾക്കു ഭൂമിയുടെ കൈവശ അവകാശരേഖ ഉണ്ടെങ്കിൽ ആനുകൂല്യം നൽകാവുന്നതാണ്. (സർക്കുലർ നമ്പർ 7135/ഡി.ബി.1/14 തസ്വഭവ.തീയതി 25.3.2015)

? പൊതുവിവാഹ ചട്ടങ്ങൾ പ്രകാരം വ്യത്യസ്ത മതങ്ങളിൽപെട്ടവർക്കു വിവാഹം ചെയ്യാൻ അനുമതി നൽകിയിരുന്നതു ഇപ്പോൾ പാടില്ലെന്നു പറയുന്നു. ശരിയാണോ?

● പൊതുവിവാഹചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യുമ്പോൾ ഭാരതത്തിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരമോ മതാചാരപ്രകാരമോ നടത്തപ്പെടുന്ന വിവാഹങ്ങൾക്കായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഏതെങ്കിലും കരാർ പ്രകാരമോ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാകുന്ന യാതൊരു ബന്ധവും ഈ ചട്ടങ്ങൾക്കു കീഴിൽ രജിസ്റ്റർ ചെയ്യാവുന്നതല്ല. (സ.ഉ.(പി) നമ്പർ 2/2015/ നിയമം തീയതി 16.2.2015)

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097

? വിവാഹധനസഹായത്തിനു അപേക്ഷിക്കുന്ന കാലാവധി ദീർഘിപ്പിച്ചതായി അറിയുന്നു. ദീർഘിപ്പിച്ച കാലാവധി എത്രയാണ്.

● പട്ടികജാതി വിഭാഗത്തിൽപെട്ട പെൺകുട്ടികളുടെ വിവാഹധനസഹായം ലഭിക്കുന്നതിനു അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി വിവാഹം കഴിഞ്ഞ് ആറുമാസത്തിനകം ചില നിബന്ധനകൾക്കു വിധേയമായി സമർപ്പിക്കാവുന്നതാണ്. പട്ടികജാതി വികസനവകുപ്പിൽനിന്നോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നോ ഏതെങ്കിലും ഒരു സ്ഥലത്തുനിന്നു മാത്രമേ ധനസഹായം കൈപ്പറ്റാൻ പാടുള്ളൂ. (സ.ഉ.(സാധാ) നമ്പർ 789/2015/തസ്വഭവ. തീയതി. 18.3.2015)

? വിധവകളുടെ പെൺകുട്ടികൾക്കു വിവാഹധനസഹായം അനുവദിക്കുന്ന പദ്ധതി അനുസരിച്ച് വിവാഹമോചനം നേടിയവർക്കും ഭർത്താവിനെ കാണാതായിട്ടുള്ളവർക്കും അപേക്ഷിക്കാൻ അർഹതയുണ്ടോ?

● ഭർത്താക്കന്മാർ ഉപേക്ഷിച്ചവരുടെ പെൺമക്കൾക്കും ഭർത്താവിനെ കാണാതായി ഏഴു വർഷം കഴിഞ്ഞവർക്കും ഗ്രാമപഞ്ചായത്തുകൾ മുഖേന വിവാഹധനസഹായം അനുവദിക്കും. വിധവാപെൻഷന്റെ മാനദണ്ഡങ്ങൾ തന്നെ ഇക്കാര്യത്തിലും പാലിക്കേണ്ടതാണ്. (സർക്കുലർ നമ്പർ 66583/ഡി.എ.2/14/തസ്വഭവ.17.11.2014)

മഹാരാഷ്ട്രയിൽനിന്നെത്തിയ ഉദ്യോഗസ്ഥസംഘത്തിനു കിലയിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് മെമ്പർ ജെ.നെൽസൺ ക്ലാസ്സെടുക്കുന്നു

കോളജ് യൂണിയൻ ഭാരവാഹികൾക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ

പുതിയ പുസ്തകങ്ങൾ

കിലയിൽ 2014-15 കാലയളവിൽ സംഘടിപ്പിച്ച
വിവിധ പരിശീലനങ്ങളുമായി ബന്ധപ്പെട്ട്
കില പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ



തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെക്കുറിച്ചും അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും അതിരൂപതയിലെ വൈദികർക്കുവേണ്ടി കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാലയിൽ പങ്കെടുക്കാനെത്തിയ തൃശ്ശൂർ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് സി.പി.ജോണുമായി സംസാരിക്കുന്നു

പ്രാദേശികഭരണത്തെക്കുറിച്ച് വൈദികർക്കു കിലയിൽ പരിശീലനം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെക്കുറിച്ചും അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും തൃശ്ശൂർ അതിരൂപതയിലെ വൈദികർക്കു കിലയിൽ പരിശീലനം നൽകി. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു.കരുണയുടെ ജൂബിലിവർഷത്തിൽ പാവപ്പെട്ടവരുടെ സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയണമെന്നും അഴിമതിക്കെതിരെ പോരാടണമെന്നും ഉദ്ഘാടനപ്രസംഗത്തിൽ ബിഷപ്പ് നിർദ്ദേശിച്ചു. സാമൂഹ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ വൈദികരും ശാക്തീകരിക്കപ്പെടണമെന്നും അതിനു കിലയുടെ സഹായം അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന 305 സാമൂഹ്യസേവനകേന്ദ്രങ്ങൾ ഇനിയും ശക്തിപ്പെടണം സാമൂഹ്യക്ഷേമസമിതികൾ എല്ലാ ഇടവകയിലും വേണമെന്നും ബിഷപ്പ് അഭിപ്രായപ്പെട്ടു.

അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് വൈദികർക്കു നൽകുന്ന പരിശീലന പരിപാടി ദേശീയതലത്തിൽ തന്നെ ശ്രദ്ധ പിടിച്ചുപറ്റുന്ന ഒന്നാണെന്നു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച കില ഡയറക്ടർ ഡോ.പി. പി.ബാലൻ പറഞ്ഞു. ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് ഇനിയും നേടാനായിട്ടില്ലെന്നും ആ ലക്ഷ്യപ്രാപ്തിക്കു വൈദികരുടെ സഹായം ഉണ്ടാകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

അധികാരവികേന്ദ്രീകരണം ജനാധിപത്യത്തിന്റെ ഗുണനിലവാരം ഉയർത്തുമെന്ന് ചടങ്ങിൽ സംസാരിച്ച സംസ്ഥാന ആസൂത്രണബോർഡ് അംഗം സി.പി.ജോൺ പറഞ്ഞു. അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ്, രൂപത വികാരി ജനറൽ മോൺ. ജോർജ് എടക്കളത്തൂർ എന്നിവർ സംസാരിച്ചു. പെർഫോർമൻസ് ഓഡിറ്റ് സൂപ്രണ്ട് വർക്കി ജോസഫ്, പി.കെ.ജയദേവൻ, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ടാനി തോമസ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. കിലയുടെ ഉപഹാരം ആർച്ച് ബിഷപ്പിനും സഹായമെത്രാനും കില ഡയറക്ടർ സമ്മാനിച്ചു. സംസ്ഥാനത്തെ പ്രാദേശികഭരണസംവിധാനവും അവയുടെ സേവനങ്ങളും കുടുംബശ്രീയുടെ വനിതാശാക്തീകരണപ്രവർത്തനങ്ങളുമായിരുന്നു ശിൽപ്പശാലയിലെ പ്രധാന ചർച്ചാവിഷയം.

മൃഗസംരക്ഷണവകുപ്പിലെ അസി.ഡയറക്ടർമാർക്കു പരിശീലനം

സംസ്ഥാനത്തെ മൃഗസംരക്ഷണവകുപ്പിലെ അസി.ഡയറക്ടർമാർക്കും വെറ്റിനറി സീനിയർ സർജന്മാർക്കുമുള്ള മൂന്നുദിവസത്തെ നൈപുണ്യ പരിശീലനം കിലയിൽ തുടങ്ങി. കിലയും വെറ്റിനറി സർവകലാശാലയും സംയുക്തമായാണ് പരിശീലനം സംഘടിപ്പിച്ചത്. കില അസി.പ്രൊഫ.ഡോ.ജെ.ബി.രാജൻ ഉദ്ഘാടനം ചെയ്തു. മൃഗസംരക്ഷണവകുപ്പിലെ എന്റർപ്രണർഷിപ്പ് ഡയറക്ടറേറ്റ് അസി.പ്രൊഫ.ദീപ ആനന്ദ്, കോഴ്സ് കോർഡിനേറ്റർ വി.ജി.ശശിധരൻ സംസാരിച്ചു. ഡോ. എസ്.കെ.ബിജു, ഡോ.അഹമ്മദ് ഹുസൈൻ, ഡോ. സക്കീർഹുസൈൻ, ഡോ.സാബുവർഗീസ്,സി.രാധാകൃഷ്ണൻ, ജോസഫ് ജോൺ, തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

പൊതുഭരണം, ഓഫീസ് മാനേജ്മെന്റ്, നേതൃത്വപാടവം, ടീം ബിൽഡിംഗ്, പദ്ധതി പ്രവർത്തനം, മൃഗസംരക്ഷണമേഖലയിലെ വികസനം, പ്രോജക്ട് മാനേജ്മെന്റ് സ്ട്രസ് മാനേജ്മെന്റ് തുടങ്ങിയ വഷയങ്ങളിലായിരുന്നു പരിശീലനം.

KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581
(for private circulation only)